ക്വാർട്ടറുകളിലും ചെയ്യുന്നുണ്ട്. എമർജൻസി വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ കൃത്യമായും മെയിന്റനൻസ് നടത്തി ഉപയോഗ പ്രദമാക്കുന്നുണ്ട്.

സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

55 (4858) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ ;

(ബി) ഡോക്ടർമാർക്ക് നിലവിലുണ്ടായിരുന്ന നിർബന്ധിത ഗ്രാമീണ സേവനം എന്ന വ്യവസ്ഥ ഈ സർക്കാർ നീക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുമൂലം ഗ്രാമീണ മേഖലയിൽ ഡോക്ടർമാർ സേവനത്തിനെത്താത്തത് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി കണ്ടെത്തിയ പ്രതിവിധിയെന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രി കളിൽ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ 41-ഉം ജനറൽ കേഡറിൽ 123-ഉം സ്പെഷ്യാലിറ്റി കേഡറിൽ 410-ഉം ആയി ആകെ 574 ഡോക്ടർമാരുടെ ഒഴിവുണ്ട്.

(ബി - ഡി) നീക്കിയിട്ടുണ്ട്. സ.ഉ.(എംഎസ്.)333/2012/ആ.കു.വ. തീയതി 8-10-2012 പ്രകാരം എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ നിർബന്ധിത ഗ്രാമീണ സേവനം നീക്കി വോളന്ററി ഗ്രാമീണ സേവനം എന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(എംഎസ്.)100/2015/ആ.കു.വ. തീയതി 12-5-2015 പ്രകാരവും ഉത്തരവായിട്ടുണ്ട്.

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ

56 (4859) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഡോക്ടർ ഇല്ലാത്തതുകാരണം പ്രസ്തുത ആശുപത്രിയിലെ ചർമ്മരോഗ വിഭാഗം ഒ.പി. അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു :

കൺസൾട്ടന്റ് (മെഡിസിൻ)	... 1
കൺസൾട്ടന്റ് (ഡെർമറ്റോളജി)	... 1
കൺസൾട്ടന്റ് (അനസ്തേഷ്യ)	... 1
കൺസൾട്ടന്റ് (പീഡിയാട്രിക്സ്)	... 2
കൺസൾട്ടന്റ് (ഇ.എൻ.റ്റി.)	... 2
ഡെപ്യൂട്ടി സൂപ്രണ്ട്	... 1

(ബി&സി) കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ചർമ്മരോഗ വിഭാഗത്തിൽ ഒരു കൺസൾട്ടന്റിന്റേയും ഒരു ജൂനിയർ കൺസൾട്ടന്റിന്റേയും തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ കൺസൾട്ടന്റ് തസ്തിക റിട്ടയർമെന്റിനെ തുടർന്ന് 1-4-2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് ഡോ. രേണുക ഡെങ്കിപ്പനിയെത്തുടർന്ന് 19 ദിവസത്തോളം (12-6-2015 മുതൽ 30-6-2015 വരെ) അവധിയിലായിരുന്നു. പ്രസ്തുത കാലയളവിൽ ചർമ്മരോഗ വിഭാഗം ഒ.പി. പ്രവർത്തിച്ചിരുന്നില്ല. ഡോക്ടർ ജോലിയിൽ പ്രവേശിച്ചതിനെതുടർന്ന് ചർമ്മരോഗ വിഭാഗം ഒ.പി. പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒഴിവുള്ള കൺസൾട്ടന്റ് തസ്തിക നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

പൊതുജനാരോഗ്യ ശൃംഖലയിലെ പ്രവർത്തനങ്ങൾ

57 (4860) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly